## പട്ടികജാതി വികസന വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**(നിലവിൽ : അബ്ദുൾ മജീദ് കക്കോട്ടിൽ)**

വിഷയം : പട്ടികജാതി വികസനം - ജീവനക്കാര്യം - പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് -I തസ്തികയിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം: (1) പട്ടികജാതി വികസന വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 04.11.2019 -ലെ എസ്റ്റാ. എ1-19408/19 നമ്പർ ഉത്തരവ്.

(2) പട്ടികജാതി വികസന വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 05.11.2019 -ലെ എസ്റ്റാ. എ1-19627/19 നമ്പർ ഉത്തരവ്.

(3) ശ്രീമതി. സിനി. റ്റി.ഡി. -യുടെ അപേക്ഷ.

---

**ഉത്തരവ് നം. എസ്റ്റാ. എ1 - 16407/19** **തീയതി : 06.11.2019**

---

പട്ടികജാതി വികസന വകുപ്പിൽ തൃശൂർ ജില്ലയിലെ പുഴയ്ക്കൽ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് -I, ഇടുക്കി ജില്ലയിലെ അഴുത ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് -I തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന യഥാക്രമം ശ്രീ. സുജിത്ത് എസ്, ശ്രീ. അജികുമാർ എം. എന്നിവർക്ക് പരാമർശം (1), (2) പ്രകാരം അവധി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളുമായി ബന്ധപ്പെട്ട പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾ യഥാസമയം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് -I തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിക്കേണ്ടത് അനിവാര്യമാണ്.

മേൽ സാഹചര്യത്തിൽ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് -I തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനായുള്ള സെലക്ട് ലിസ്റ്റിൽ അടുത്ത സീനിയറായിട്ടുള്ള ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥരെ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് -I/സീനിയർ സൂപ്രണ്ട്/ചീഫ് പബ്ലിസിറ്റി ഓഫീസർ തസ്തികയിൽ 36600 - 79200 ശമ്പള സ്കെയിൽ താൽക്കാലിക സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകിയും ചുവടെ ചേർക്കും പ്രകാരം തസ്തികകളിൽ നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

...2

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഓഫീസ് | സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകി നിയമിക്കുന്ന തസ്തിക, ഓഫീസ് | റിമാർക്സ് |
|---|---|---|---|
| 1. | ശ്രീ. ബിനോയ് ആർ.<br>പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് -II<br>കൊല്ലം കോർപ്പറേഷൻ | പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് -I<br>അഴുത ബ്ലോക്ക്,<br>ഇടുക്കി. | സ്ഥാനക്കയറ്റം |
| 2. | ശ്രീ. പി.ബി. ബഷീർ<br>പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് -II<br>കാസർഗോഡ് ബ്ലോക്ക്,<br>കാസർഗോഡ് | പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് -I<br>പഴയന്നൂർ ബ്ലോക്ക്,<br>തൃശൂർ. | സ്ഥാനക്കയറ്റം |
| 3. | ശ്രീമതി. സിനി. റ്റി.ഡി.<br>പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് -I<br>പഴയന്നൂർ ബ്ലോക്ക്,<br>തൃശൂർ. | പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് -I<br>പുഴയ്ക്കൽ ബ്ലോക്ക്,<br>തൃശൂർ. | സ്ഥലംമാറ്റം (അപേക്ഷ പ്രകാരം) |

മേൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ ടിയാളുടെ നിലവിലുള്ള ചുമതലകളിൽ നിന്നും വിടുതൽ ചെയ്യുന്നതിനും/ചാർജ് ക്രമീകരണം നടത്തുന്നതിനുമുള്ള നിയമാനുസൃത നടപടികൾ അതാതു ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട ജീവനക്കാർ അതാതു തസ്തികകളിൽ വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനുമുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

*പകർപ്പ്:-*

1. *പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള.*
2. *ജില്ലാ പട്ടികജാതി വികസന ഓഫീസർ, കൊല്ലം, തൃശൂർ, ഇടുക്കി, കാസർഗോഡ്.*
3. *ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർക്ക് സി.എ. മുഖേന.*
4. *സ്റ്റോക്ക് ഫയൽ/കരുതൽ.*

ആജ്ഞാനുസരണം

സൂപ്രണ്ട്

PS 06.11.2019